**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2711** **17-03-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ അംഗ സമാശ്വാസ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീന്‍ ,<br>ശ്രീമതി ദെലീമ,<br>ശ്രീ ജി സ്റ്റീഫന്‍,<br>ശ്രീ. കെ.എന്‍. ഉണ്ണികൃഷ്ണന്‍ | | null<br>(സഹകരണ- രജിസ്ട്രേഷന്‍ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ അംഗ സമാശ്വാസ നിധിയില്‍ സഹായധനം ലഭിക്കുന്നതിനുള്ള അര്‍ഹതാ മാനദണ്ഡങ്ങള്‍ വിശദമാക്കാമോ; | (എ) | അര്‍ബുദം, വൃക്ക മാറ്റിവയ്ക്കല്‍ ശസ്ത്രക്രിയ, കരള്‍ മാറ്റി വയ്ക്കല്‍ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവര്‍, ഗുരുതര കരള്‍ രോഗം ബാധിച്ചവര്‍(ലിവര്‍ സിറോസിസ്) ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവര്‍ (ബൈപ്പാസ്/ ഓപ്പണ്‍ ഹാര്‍ട്ട് സര്‍ജറി) പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവര്‍, എച്ച്.ഐ.വി ബാധിതര്‍, അപകടത്തില്‍പെട്ട് ശയ്യാവലംബരായവര്‍ എന്നിവര്‍ക്കും മാതാപിതാക്കള്‍ മരിച്ച് പോയ സാഹചര്യത്തില്‍ അവര്‍ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂര്‍ത്തിയാവാത്ത കുട്ടികള്‍ എന്നിവര്‍ക്കുമാണ് സഹകരണ അംഗസമാശ്വാസനിധി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. ധനസഹായത്തിനു അപേക്ഷ സമര്‍പ്പിക്കുന്ന വ്യക്തി ടി സംഘത്തിലെ എ ക്ലാസ്സ് അംഗമായിരിക്കണം. മൂന്ന് ലക്ഷത്തില്‍ കൂടുതല്‍ വാര്‍ഷിക വരുമാനമുള്ള അപേക്ഷകര്‍ക്കോ ആശ്രിതര്‍ക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അര്‍ഹത ഉണ്ടായിരിക്കുകയില്ല. ഈ സ്കീമില്‍ നിന്നും ധനസഹായം നല്‍കുന്നത് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായിട്ടായിരിക്കും. ഒരിക്കല്‍ ആനുകൂല്യം ലഭിച്ച കുടുംബത്തില്‍പ്പെട്ടവര്‍ക്ക് പിന്നീട് ആനുകൂല്യത്തിന് അര്‍ഹതയുണ്ടായിരിക്കുന്നതല്ല. |
| (ബി) | പദ്ധതി പ്രകാരം ഏതൊക്കെ രോഗബാധിതര്‍ക്ക് എത്ര രൂപവരെ ധനസഹായം ലഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ സ്കീം പ്രകാരം നല്‍കുന്ന പരമാവധി ധനസഹായം 50,000/-(അന്‍പതിനായിരം രൂപ മാത്രം) രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. |

സെക്ഷന്‍ ഓഫീസര്‍